**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2885** **18.06.2019 ൽ മറുപടിക്ക്**

**വാമനപുരം-ചിറ്റാർ റോഡ് നവീകരണം**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വാമനപുരം-ചിറ്റാർ റോഡ് നവീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) വാമനപുരം-ചിറ്റാർ റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് കരാർ നൽകി പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) റോഡ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ സമയബന്ധിതമായി പണികൾ ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തികൾക്ക് കാലതാമസം വന്നിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (സി) പ്രവൃത്തിയുടെ പുരോഗതിക്ക് തടസ്സമായിരുന്ന യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തിക്കായുള്ള തുക കേരള വാട്ടർ അതോറിറ്റിക്കും, കെ.എസ്.ഇ.ബി യ്ക്കും ഒടുക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ കരാറുകാരന് പ്രവൃത്തി ത്വരിതപ്പെടുത്താനും നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ രീതിയിൽ പ്രോഗ്രാം പുതുക്കി നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തി പൂർത്തിയായതിനു ശേഷവും പണിയിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരനെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ